"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം ഡബ്ല്യൂ എം1/262/2022-തസ്വഭവ

തദ്ദേശസ്വയംഭരണ(ഡബ്ല്യൂ എം)വകുപ്പ്

തിരുവനന്തപുരം,

തീയതി: 02-05-2022

## പരിപത്രം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികതമായി പ്രവർത്തിച്ചുവരുന്ന ഭക്ഷണം പാകം ചെയ്യും അല്ലാതെയും വില്ക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികതമായി പ്രവർത്തിച്ചുവരുന്ന ഭക്ഷണം പാകം ചെയ്യും അല്ലാതെയും വില്ക്കുന്ന കച്ചവട സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കർശന നിർദേശം നൽകുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന ഹോട്ടലുകൾ, ബേക്കറികൾ, ഫാസ്റ്റ്ഫുഡ് വില്പന കേന്ദ്രങ്ങൾ, ആഹാരം പാകം ചെയ്യും അല്ലാതെയും വിൽക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോട് കൂടിയാണോ പ്രവർത്തിച്ചുവരുന്നതെന്ന് അടിയന്തിര പരിശോധനയിലൂടെ കണ്ടെത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്രയും വേഗം അടച്ചുപൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന ഐസ്ക്രീം, ശീതള പാനീയങ്ങൾ, മറ്റ് പാനീയങ്ങൾ മുതലായവ വിൽക്കുന്ന സ്ഥാപനങ്ങൾ,

തട്ടുകടകൾ, വാഹനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് വിഭാഗത്തെ ഉപയോഗിച്ച് അടിയന്തിര പരിശോധന നടത്തി ശുചിത്വം, ആഹാരസാധനങ്ങളുടെയും പാനീയങ്ങളുടെയും പഴക്കം, ആരോഗ്യത്തിനു ഹാനികരമായ എന്തെങ്കിലും രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്നുള്ള വിവരം തുടങ്ങിയവ വിലയിരുത്തേണ്ടതും ശുചിത്വമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും പഴക്കം ചെന്നതോ രാസപദാർഥങ്ങൾ ചേർത്തതോ ആയ ഭക്ഷണപദാർത്ഥങ്ങളോ പാനീയങ്ങളോ വിൽക്കുന്ന സ്ഥാപനങ്ങളുടെയും പ്രവർത്തനം അടിയന്തിരമായി അവസാനിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- മായം ചേർന്നതോ പഴകിയതോ മറ്റുതരത്തിൽ ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്ന തരത്തിൽ ഉള്ള ഭക്ഷണം വിൽക്കുന്നതായി ഭക്ഷ്യസുരക്ഷാവകുപ്പ് കണ്ടെത്തുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അടിയന്തിരമായി റദ്ദ് ചെയ്യുന്നതിന് വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.
- അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയർന്ന് നില്ക്കുന്ന സാഹചര്യത്തിൽ മാംസാഹാരങ്ങൾ വളരെ വേഗം കേടാവാൻ സാധ്യതയുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഹെൽത്ത് വിഭാഗത്തിന്റെ സഹായത്തോടെ ഇത്തരത്തിലുള്ള ഭക്ഷണ സാധങ്ങൾ വില്ക്കുന്ന കച്ചവട സ്ഥാനങ്ങളിൽ പരിശോധന കൃത്യമായി നടത്തേണ്ടതും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ)വകുപ്പ്

ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ )വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A& E) കേരള ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള ,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ(I&PRD),വെബ് ആന്റ് ന്യൂ മീഡിയ,തിരുവനന്തപുരം

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sherin J Titus
Date: 02-05-2022 14:54:48
സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ വി.എസിന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്